# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:512** **27.02.2018 ൽ മറുപടിയ്ക്ക്**

## കാസർഗോഡ് ജില്ലയിലെ സൗരോർജ്ജ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. രാജഗോപാലൻ | | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കാനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ടി പദ്ധതികളുടെ ആകെ എസ്റ്റിമേറ്റ് തുക എത്രയെന്നും ഇതിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ സൗരോർജ്ജ പദ്ധതികൾ വഴി 200 MW വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ 24.10.2017-ലെ സ.ഉ.(കൈ) 353/2017/റവ നം. സർക്കാർ ഉത്തരവ് പ്രകാരം 836 ഏക്കർ ഭൂമി തിരിച്ചെടുത്തതിനാൽ അമ്പലത്തറയിൽ 50 MW സോളാർ പ്ലാൻറുകൾ മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഇതിനായി **307.35** കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 200 MW സൗരോർജ്ജ പദ്ധതികൾക്ക് ആകെ 1000 കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ **119.7512** കോടി രൂപ അടിസ്ഥാന വികസന സൗകര്യത്തിനാണ്.<br>കാസർഗോഡ് ജില്ലയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മൂന്ന് സ്കൂളുകളിൽ 195 kwp (ആകെ) സ്ഥാപിതശേഷിയുള്ള സോളാർ പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള ജോലിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിലേക്ക് വേണ്ടി പഞ്ചായത്ത് **1.5** കോടി രൂപ കേരള സറ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. |
| (ബി) ഇതുവരെയായി എത്ര യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചിട്ടുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കുമോ? | (ബി) | 20.02.2018 വരെ **48.749** മില്യൻ യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**